**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 734** **10-02-2025 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്കിൽ വിവിധ തസ്തികകളിലായി എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ; | (എ) | കേരള ബാങ്കിൽ വിവിധ തസ്തികകളിലായി 31.01.2025 ലെ കണക്ക് പ്രകാരം 1410 ഒഴിവുകൾ നിലനിൽക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് താഴെ പറയും പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>1. പി.എസ്.സി മുഖേന നികത്തേണ്ട വിവിധ തസ്തികകളിലെ 1154 ഒഴിവുകൾ പി.എസ്.സി യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>2. എംപ്ലോയ്മെന്റ് മുഖേന നികത്തേണ്ട പാർട്ട്-ടൈം-കണ്ടിജന്റ് തസ്തികയിൽ 156 ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br>3. പ്രൊമോഷൻ മുഖേന നികത്തേണ്ട 73 ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br>4. 8 ഒഴിവുകൾ ആശ്രിത നിയമനത്തിനായി മാറ്റി വച്ചിട്ടുണ്ട്.<br>5. വിവിധ തസ്തികകളിലെ 19 ഒഴിവുകൾ പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | കേരള ബാങ്കിൽ ഏതെങ്കിലും തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (സി) | കേരള ബാങ്കിൽ പി.എസ്.സി മുഖേന വിവിധ തസ്തികകളിലായി നികത്തേണ്ട ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും ടി തസ്തികകളിലെ നിയമന നടപടികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ ജീവനക്കാരുടെ അഭാവം ബാങ്കിന്റെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്ന സാഹചര്യം പരിഗണിച്ച് ബാങ്കിലെ നിയമന ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ നിശ്ചിത |

| | | | |
|---|---|---|---|
| | | | കാലയളവിലേക്ക് ക്ലാർക്ക്/കാഷ്യർ തസ്തികയിൽ പ്രതിമാസ സ്റ്റൈഫന്റ് വ്യവസ്ഥയിൽ ട്രെയിനി ആയി നിയമിക്കുന്നതിന് ബാങ്കിന് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ